## പതിമൂന്നാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1959 — 19.06.2012 ൽ മറുപടിയ്ക്ക്

### ഡ്രൈവിംഗ് ലൈസൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ.കെ.കെ. ജയചന്ദ്രൻ<br>ഡോ. കെ.ടി. ജലീൽ<br>ശ്രീ. കെ.വി. വിജയദാസ് | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കാൻ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നത് കർശന പരിശോധനകൾക്ക് വിധേയമായിട്ടാണെന്ന് ഉറപ്പാക്കാൻ തയ്യാറാകുമോ; | (എ) | ഡ്രൈവിംഗ് ലൈസൻസ് നൽകുന്നത് കർശന പരിശോധനകൾക്ക് വിധേയമായിട്ടാണെന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഡ്രൈവിംഗ് ടെസ്റ്റ് ക്യാമറയിൽ പകർത്തുന്നതിന് വേണ്ട നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ടെസ്റ്റ് കുറ്റമറ്റതാക്കുന്നതിന് ശാസ്ത്രീയമായി ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ കീഴിൽ ചേവായൂരിൽ ആട്ടോമേറ്റഡ് ഡ്രൈവിംഗ് ടെസ്റ്റിംഗ് സെന്റർ പ്രവർത്തനം ആരംഭിച്ചു. കണ്ണൂരിൽ ഇളവായൂർ എന്ന സ്ഥലത്ത് മേൽ പറഞ്ഞ തരത്തിലുള്ള ഡ്രൈവിംഗ് ടെസ്റ്റിംഗ് സെന്ററിന്റെ പണി പൂർത്തിയായി വരുന്നു. തിരുവനന്തപുരത്ത് പാറശ്ശാലയിലും എറണാകുളത്തും മറ്റേതെങ്കിലും ഒരു ജില്ലയിലും സ്ഥല ലഭ്യതയ്ക്കു വിധേയമായി ഡ്രൈവിംഗ് ടെസ്റ്റിംഗ് സെന്ററുകൾ ആരംഭിക്കാൻ ഈ സാമ്പത്തിക വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ആർ.ടി.ഒ.യിലെ ഏജന്റുമാരും ഡ്രൈവിംഗ് സ്കൂളുകാരും ചേർന്ന് നടത്തുന്ന അഴിമതിയിലൂടെ ശരിയായ പരിശീലനം നേടാതെ ഡ്രൈവിംഗ് ലൈസൻസ് കരസ്ഥമാക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |

| | | | |
|---|---|---|---|
| (സി) | ഇക്കാര്യത്തിൽ എന്തുനടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ? | (സി) | ഇത്തരത്തിലുള്ള പരാതികളിൻമേൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെയും ക്രമക്കേടുകളിൽ ഉൾപ്പെടുന്ന ഡ്രൈവിംഗ് സ്കൂളുകൾക്കെതിരെയും തക്കതായ നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ